## പതിനാലാം കേരളനിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1376 — 02.03.2017 - ലെ മറുപടിയ്ക്ക്

## കെട്ടിടങ്ങൾ കൈമാറ്റം ചെയ്യുമ്പോൾ എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | കെട്ടിടങ്ങൾ കൈമാറ്റം ചെയ്യുമ്പോൾ അവയുടെ മൂല്യം കാണിച്ചുകൊണ്ട് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് കൂടി സബ് രജിസ്റ്റാർ ഓഫീസുകളിൽ ഹാജരാക്കണമെന്ന് വസ്തു രജിസ്ട്രേഷൻ നിയമത്തിൽ പുതിയ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ, ഹൗസിംഗ് ബോർഡ് എഞ്ചിനീയർ നിശ്ചയിച്ച വില ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഹൗസിംഗ് ബോർഡിന്റെ കെട്ടിടങ്ങൾ കൈമാറ്റം ചെയ്യുമ്പോൾ മറ്റൊരു എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് കൂടി ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ)<br>(ബി)<br>&<br>(സി) 19/7/2016- ലെ G.O.(P)73/2016/TD നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് വില നിർണ്ണയം നടത്തിയശേഷം മാത്രമേ ഫ്ലാറ്റുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. എന്നാൽ ഭവന നിർമ്മാണ ബോർഡ് PWD Rules പ്രകാരം നിർമ്മാണ പ്രവർത്തികൾ നടത്തുകയും വിലനിർണ്ണയം നടത്തി അലോട്ട് ചെയ്യുകയും ചെയ്തിട്ടുള്ള ഫ്ലാറ്റുകൾ വീണ്ടും തദ്ദേശ സ്വയം ഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് വില സാക്ഷ്യപ്പെടുത്തേണ്ട ആവശ്യമില്ലായെന്നും ടി |

(ബി) ഇക്കാര്യത്തിൽ വ്യക്തത വരുത്തണമെന്ന് കാണിച്ച് ഹൗസിംഗ് ബോർഡ് സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) നടപടി സ്വീകരിച്ചിട്ടില്ലായെങ്കിൽ ഇക്കാര്യത്തിൽ എപ്പോൾ വ്യക്തത നൽകുമെന്ന് അറിയിക്കാമോ ?

ഉത്തരവിൽ നിന്നും ഭവന നിർമ്മാണ ബോർഡിനെ ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ സംബന്ധിച്ച ഫയൽ നികുതി വകുപ്പിന്റെ അഭിപ്രായം ആരായുന്നതിനായി ടി വകുപ്പിന് നൽകിയിട്ടുണ്ട്. പ്രസ്തുത അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് ടി ഫയലിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

Subhash

സെക്ഷൻ ഓഫീസർ